Passed on: 15/12/15

# 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2000-ലെ കേരള സ്പോർട്സ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2000-ലെ കേരള സ്പോർട്സ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 സെപ്റ്റംബർ 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2000-ലെ കേരള സ്പോർട്സ് ആക്റ്റിന്റെ (2001-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) നിലവിലുള്ള (i)-ാം ഖണ്ഡം (iഎ) ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതും അങ്ങനെ പുനരക്കം ചെയ്ത (iഎ) ഖണ്ഡത്തിന് മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(i) "അഡ്മിനിസ്ട്രേറ്റീവ് ബോർഡ്" എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിച്ച, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് എന്നർത്ഥമാകുന്നു ;";

(ബി) (iv)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ivഎ) "ജില്ലാതല തർക്കപരിഹാര സമിതി" എന്നാൽ 30-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാതല തർക്കപരിഹാര സമിതി എന്നർത്ഥമാകുന്നു;";

KNPP. 1292/2015.

(സി) (v)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(vഎ) "ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻ" എന്നാൽ ബന്ധപ്പെട്ട റവന്യൂ ജില്ലയുടെ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;";

(ഡി) (vii)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(viiഎ) "നിധി" എന്നാൽ 34-എ വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന സ്പോർട്സ് വികസന നിധി എന്നർത്ഥമാകുന്നു;";

(ഇ) (x)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xഎ) "തുറസ്സായ സ്ഥലം" എന്നാൽ അടച്ചുകെട്ടിയതോ അല്ലാത്തതോ ആയ, കെട്ടിടം ഒന്നും ഇല്ലാത്തതും അല്ലെങ്കിൽ ആകെയുള്ള ഭൂമിയുടെ അഞ്ച് ശതമാനത്തിൽ അധികരിക്കാതെ കെട്ടിടങ്ങൾ ഉള്ളതും ഭാഗികമായോ മുഴുവനായോ പ്രധാനമായും സ്പോർട്സ് കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതും ആയ, ഏതെങ്കിലും സ്ഥലം എന്നർത്ഥമാകുന്നു;";

"(xബി) "കളിസ്ഥലം" എന്നാൽ സ്പോർട്സ്, ഗെയിംസ്, കായികാഭ്യാസം എന്നിവയുടെ ആവശ്യത്തിലേക്ക് അനുയോജ്യമാക്കിത്തീർത്ത ഒരു സ്ഥലം എന്നർത്ഥമാകുന്നു;";

(എഫ്) (xiv)-ാം ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xiv) "സ്പോർട്സ്" എന്നതിൽ ഔട്ട് ഡോർ ഇനങ്ങൾ, തുറസ്സായ സ്ഥലത്തോ നാട്ടിൻപുറത്തോ വച്ച് സംഘടിപ്പിക്കുന്ന കായിക മത്സരക്കളികൾ, ഇൻഡോർ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസിലോ ഏഷ്യൻ ഗെയിംസിലോ നാഷണൽ ഗെയിംസിലോ മത്സര ഇനമായി ഉൾപ്പെടുത്തിയിട്ടുള്ളവ, ജലകായിക വിനോദങ്ങൾ ഉൾപ്പെടെ വർഷംതോറും ദേശീയ ചാമ്പ്യൻഷിപ്പുകളായി നടത്തപ്പെടുന്നവ, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ശിപാർശയിന്മേൽ, സർക്കാർ, വിജ്ഞാപനംമൂലം, ഒരു കായിക വിനോദമായോ കളിയായോ പ്രഖ്യാപിച്ചിട്ടുള്ള മറ്റ് കായിക പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നതാകുന്നു;";

(ജി) (xvi)-ാം ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xvi) "സ്പോർട്സ് ക്ലബ്" എന്നാൽ 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ 12) അല്ലെങ്കിൽ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതും ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് സംഘടനയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ഒരു സ്പോർട്സ് സംഘടന എന്നർത്ഥമാകുന്നു;";

(xviഎ) "സ്പോർട്സ് ഡയറക്ടർ" എന്നാൽ കായിക യുവജനകാര്യ വകുപ്പിന്റെ മേധാവിയായി സർക്കാർ നിയമിച്ച ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

"(xviബി) "സ്പോർട്സ് സൗകര്യം" എന്നാൽ ഏതെങ്കിലും സ്റ്റേഡിയം, കളിസ്ഥലം, തുറസ്സായ സ്ഥലം അല്ലെങ്കിൽ അതിന്റെ ഭാഗമായ അല്ലെങ്കിൽ അതിന് അനുബന്ധമായ ഏതെങ്കിലും സൗകര്യം എന്നർത്ഥമാകുന്നു;";

(എച്ച്) (xvii)-ാം ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xvii) "സ്പോർട്സ് താരം" എന്നാൽ 2-ാം വകുപ്പിലെ (xiv)-ാം ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള ഏതെങ്കിലും സ്പോർട്സ് ഇനങ്ങളിൽ ജില്ലാ, സ്കൂൾ, സർവ്വകലാശാലാ, സംസ്ഥാന, ദേശീയ അല്ലെങ്കിൽ അന്തർദ്ദേശീയ തലത്തിൽ പങ്കെടുത്തിട്ടുള്ളതും ഒരു കായിക താരമായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഒരാൾ എന്നർത്ഥമാകുന്നു;";

(ഐ) (xviii)-ാം ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xviii) "സ്റ്റേഡിയം" എന്നാൽ കാഴ്ചക്കാർക്കായുള്ള ഗാലറിയോടുകൂടിയ ഒരു അത്‌ലറ്റിക് അല്ലെങ്കിൽ സ്പോർട്സ് മൈതാനം എന്നർത്ഥമാകുന്നു;";

"(xviiiഎ) "സംസ്ഥാന തർക്കപരിഹാര സമിതി" എന്നാൽ 30-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന തർക്കപരിഹാര സമിതി എന്നർത്ഥമാകുന്നു;";

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ,—

(i) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ബി), (സി), (ഡി), (ഇ), (എഫ്), (ജി), (എച്ച്), (ഐ), (ജെ) എന്നീ ഇനങ്ങളും "(എ)" എന്ന അക്ഷരവും ബ്രാക്കറ്റും വിട്ടുകളയേണ്ടതാണ്;

(ii) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനും അതിൻകീഴിൽ (i) മുതൽ (iii) വരെയുള്ള ഇനങ്ങൾക്കും പകരം താഴെപ്പറയുന്ന ശീർഷകവും ഇനങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന,—

(എ) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രതിനിധിയായി ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻമാർ നൽകുന്ന മൂന്ന് പേരിൽ കുറയാത്ത പാനലിൽ നിന്നുള്ള ഒരംഗം വീതം;

(ബി) നിയമസഭാ സാമാജികരിൽ നിന്നുള്ള അഞ്ച് അംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(സി) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരിൽ നിന്നുള്ള ഒരംഗം;

(ഡി) സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാരിൽ നിന്നുള്ള ഒരംഗം;

(ഇ) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരംഗം;

(എഫ്) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരംഗം;

(ജി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരംഗം;

(എച്ച്) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിന്നുള്ള നാല് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ;

(ഐ) ദേശീയ-അന്തർദേശീയ നിലവാരമുള്ള കായിക താരങ്ങളെ വാർത്തെടുത്ത അല്ലെങ്കിൽ തങ്ങളുടെ നേട്ടങ്ങൾക്ക് രാജ്യത്തിന്റെ അംഗീകാരം ലഭിച്ച സ്പോർട്സ് കോച്ചുകൾക്കിടയിൽനിന്നുള്ള രണ്ട് സ്പോർട്സ് കോച്ചുകൾ;

(ജെ) അംഗീകൃത അന്തർദേശീയ ചാമ്പ്യൻഷിപ്പുകളിൽ രാജ്യത്തെ പ്രതിനിധീകരിച്ച കായിക താരങ്ങളിൽ നിന്നുള്ള നാല് പ്രമുഖ കായിക താരങ്ങൾ; അവരിൽ രണ്ട് പേർ വനിതകൾ ആയിരിക്കേണ്ടതാണ്;

(കെ) സംസ്ഥാനത്തെ സ്പോർട്സ് ജേർണലിസ്റ്റുമാരിൽ നിന്നുള്ള രണ്ടുപേർ;";

(ബി) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, സ്പോർട്സിലും ഗെയിംസിലും താൽപ്പര്യമുള്ള, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റും 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ 'തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ' എന്ന ശീർഷകത്തിൻ കീഴിൽ പറയുന്ന അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കേണ്ടതാണ്.";

(സി) (7)-ാം ഉപവകുപ്പിലെ രണ്ടാം ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്;

(ഡി) (8)-ാം ഉപവകുപ്പിൽ, "തുടർച്ചയായി രണ്ട് തവണകളിൽ കൂടുതൽ" എന്ന വാക്കുകൾക്കു പകരം "മൂന്ന് തവണകളിൽ കൂടുതൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

4. <u>4-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ,—

(i) (i)-ാം ഖണ്ഡത്തിൽ, "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും" എന്ന വാക്കുകൾക്കു പകരം "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഖണ്ഡത്തിൽ, "സ്റ്റാൻഡിംഗ് കമ്മിറ്റിയും" എന്ന വാക്കുകൾക്കു പകരം "അഡ്മിനിസ്ട്രേറ്റീവ് ബോർഡും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (vi)-ാം ഖണ്ഡത്തിൽ, "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും" എന്ന വാക്കുകൾക്കു പകരം "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിൽ, "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ" എന്ന വാക്കുകൾക്കു പകരം "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

5. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) (സി) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) സർക്കാരിൽ നിന്നോ അതിൻ കീഴിലുള്ള ഏതെങ്കിലും ഏജൻസികളിൽ നിന്നോ ഉള്ള ധനസഹായത്താൽ നിർമ്മിച്ചിട്ടുള്ള, ജില്ലാ സ്പോർട്സ് കൗൺസിലിലോ അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റേതെങ്കിലും സംഘടനയോ സ്വന്തമാക്കിയിട്ടുള്ളതോ കൈവശം വച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സ്റ്റേഡിയമോ, കളിസ്ഥലമോ, തുറസ്സായ സ്ഥലമോ, നീന്തൽകുളമോ മറ്റ് സ്ഥിരമായ കളിസൗകര്യമോ നവീകരിക്കുന്ന ആവശ്യത്തിനുവേണ്ടിയോ അവ നിലവിലെ കൈവശക്കാർ ശരിയായി കൈകാര്യം ചെയ്യുകയോ നടത്തിക്കൊണ്ടുപോകുകയോ ചെയ്യുന്നില്ല എങ്കിലോ അവയുടെ പരിപാലനത്തിനോ മാനേജ്മെന്റിനോ അല്ലെങ്കിൽ രണ്ടിനും കൂടി വേണ്ടിയോ, അല്ലെങ്കിൽ സൗകര്യങ്ങൾ പരിഷ്കരിക്കുയോ മാറ്റങ്ങൾ വരുത്തുകയോ ചെയ്യുന്നത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അനുമതി കൂടാതെ സ്പോർട്സുമായി ബന്ധപ്പെട്ടതല്ലാത്ത മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിയോ ആണെങ്കിൽ അവയുടെ നടത്തിപ്പ് സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്:

എന്നാൽ, അപ്രകാരം ഏറ്റെടുക്കുന്നതിന് മുമ്പായി ഇതിലേക്കായി സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തിപ്പിക്കേണ്ടതും അന്വേഷണത്തിന്റെ ഭാഗമായി ഇക്കാര്യത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയശേഷം അവർക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകേണ്ടതുമാണ്.";

(ബി) (3)-ാം ഉപവകുപ്പിൽ, "സ്റ്റാൻഡിംഗ് കമ്മിറ്റിക്കോ" എന്ന വാക്കുകൾക്ക് പകരം "അഡ്മിനിസ്ട്രേറ്റീവ് ബോർഡിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

6. 6-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"6. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡ്.—(1) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു അഡ്മിനിസ്ട്രേറ്റീവ് ബോർഡ് സർക്കാർ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ്;

(സി) ഗവൺമെന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന, ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത, ഒരു ഉദ്യോഗസ്ഥൻ;

(ഡി) ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ) അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന, ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത, ഒരു ഉദ്യോഗസ്ഥൻ;

(ഇ) ഡയറക്ടർ, കായിക വകുപ്പ്;

(എഫ്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ;

(ജി) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (എ) ഇനത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(എച്ച്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (എച്ച്) ഇനത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(ഐ) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (ജെ) ഇനത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ജെ) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി, അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(2) അഡ്മിനിസ്ട്രേറ്റീവ് ബോർഡ് കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(3) അഡ്മിനിസ്ട്രേറ്റീവ് ബോർഡ്, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പൊതുവായ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

(4) അഡ്മിനിസ്ട്രേറ്റീവ് ബോർഡ്, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് തീരുമാനിക്കുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതാണ്.

കുറിപ്പ്:—അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിന്റെ മൊത്തം അംഗസംഖ്യയുടെ മൂന്നിൽ ഒന്നും ഒരു എക്സ്-ഒഫീഷ്യോ അംഗവും ഉൾപ്പെടുന്നതാകുന്നു.".

7. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ,—

(i) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ബി) മുതൽ (ഇ) വരെയുള്ള ഇനങ്ങളും "(എ)" എന്ന അക്ഷരവും ബ്രാക്കറ്റും വിട്ടുകളയേണ്ടതാണ്;

(ii) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (എ) ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡവും ഇനങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന,—

(i) ജില്ലയിലെ അസംബ്ലി നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നുള്ള മൂന്നിലൊന്ന് അംഗങ്ങൾ;

(ii) ജില്ലയിലുള്ള മേയർ അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർക്കിടയിൽ നിന്നുള്ള ഒരാൾ;

(iii) ജില്ലയിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരാൾ;

(iv) ജില്ലയിലുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന്, അവരുടെ ആകെ എണ്ണം അൻപതോ അതിൽ കുറവോ ആണെങ്കിൽ മൂന്ന് പേരും അൻപതിൽ കൂടുതലാണെങ്കിൽ അഞ്ച് പേരും, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ആളും ആയിരിക്കേണ്ടതാണ്;

(v) ജില്ലയിലെ അംഗീകൃത കോച്ചുമാരിൽ നിന്നുള്ള രണ്ടുപേർ.";

(ബി) (ബി) ഖണ്ഡത്തിൽ,—

(i) (ii)-ാം ഇനത്തിൽ "ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും" എന്നീ വാക്കുകൾക്ക് ശേഷം "ഒരു പുരുഷ കായിക താരവും ഒരു വനിതാ കായിക താരവും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (iii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iii) ജില്ലയിലെ സ്കൂളുകളിൽ നിന്നുള്ള ഒരു കായിക അദ്ധ്യാപകൻ;";

(iii) (iv)-ാം ഇനം വിട്ടുകളയേണ്ടതാണ്;

(സി) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ജില്ലാ സ്പോർട്സ് കൗൺസിലിന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റ് ഉണ്ടായിരിക്കേണ്ടതാണ്.";

(ഡി) (7)-ാം ഉപവകുപ്പിൽ, "തുടർച്ചയായി രണ്ട് തവണകളിൽ കൂടുതൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്ന് തവണകളിൽ കൂടുതൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

8. <u>11-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(എ) "പ്രസിഡന്റും വൈസ്-പ്രസിഡന്റും" എന്നീ വാക്കുകൾക്ക് പകരം "ചെയർമാനും പ്രസിഡന്റും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "ജില്ലാ സ്പോർട്സ് കൗൺസിൽ അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും" എന്നീ വാക്കുകൾക്ക് പകരം "ജില്ലാ സ്പോർട്സ് കൗൺസിൽ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് അംഗങ്ങളും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

9. <u>12-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 12-ാം വകുപ്പിൽ "പ്രസിഡന്റ്" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "ചെയർമാൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

10. <u>13-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 13-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"13. <u>ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാന്റെയും പ്രസിഡന്റിന്റെയും അധികാരങ്ങളും ചുമതലകളും.</u>—(1) ജില്ലാ സ്പോർട്സ് കൗൺസിൽ ചെയർമാൻ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(2) ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ, പ്രസിഡന്റ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും ചെയർമാൻ അതത് സമയം ഏൽപ്പിച്ചുകൊടുക്കുന്ന അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.".

11. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 14-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി, അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ അംഗീകാരത്തോടെ കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സർവ്വീസിലെ സെക്ഷൻ ഓഫീസറുടെ പദവിയിലോ അല്ലെങ്കിൽ വിവിധ വകുപ്പുകളിലെ സമാന പദവിയിലുള്ള തസ്തികകളിലോ അല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ പദവിയിലോ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായി, അതതു സംഗതിപോലെ, ഡെപ്യൂട്ടേഷൻ അഥവാ സെലക്ഷൻ വഴി, നിയമിക്കേണ്ടതാണ്:

എന്നാൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ ഉദ്യോഗസ്ഥരിൽ നിന്ന് തെരഞ്ഞെടുത്ത് നിയമിക്കുന്നതിനായി, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരുടെ അഞ്ചിൽ കൂടുതൽ തസ്തികകൾ നീക്കിവയ്ക്കുവാൻ പാടുള്ളതല്ല;";

(ബി) (2)-ാം ഉപവകുപ്പിലെ (iv)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(സി) (3)-ാം ഉപവകുപ്പിൽ, "പ്രസിഡന്റ്" എന്ന വാക്കിന് പകരം "ചെയർമാൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

12. 30-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 30-ാം വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"30. തർക്കപരിഹാര സമിതികളുടെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരമുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച്, രണ്ടോ അതിലധികമോ ജില്ലാ സ്പോർട്സ് കൗൺസിലുകൾ തമ്മിലോ അല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിലും ഒന്നോ അതിലധികമോ ജില്ലാ സ്പോർട്സ് കൗൺസിലുകളും തമ്മിലോ അല്ലെങ്കിൽ ജില്ലാ സ്പോർട്സ് സംഘടനയും അതിന്റെ മാതൃ സംസ്ഥാന സംഘടനയും തമ്മിലോ ഉണ്ടാകുന്ന തർക്കം പരിഹരിക്കുന്നതിന് ഒരു സംസ്ഥാന തർക്കപരിഹാര സമിതി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന തർക്കപരിഹാര സമിതിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സ്പോർട്സ് വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, അദ്ദേഹം സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(സി) ഒരു സ്പോർട്സ് വിദഗ്ദ്ധൻ.

(3) ജില്ലാ കളക്ടർ, ഓരോ റവന്യൂ ജില്ലയ്ക്കും വേണ്ടി, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരമുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലും സ്പോർട്സ് താരവും തമ്മിലോ രണ്ടോ അതിലധികമോ സ്പോർട്സ് താരങ്ങൾ തമ്മിലോ രണ്ടോ അതിലധികമോ സ്പോർട്സ് സംഘടനകൾ തമ്മിലോ ഒരു സ്പോർട്സ് സംഘടനയ്ക്ക് കീഴിലുള്ള സ്പോർട്സ് ക്ലബ്ബുകൾ തമ്മിലോ ഏതെങ്കിലും ഒരു പ്രത്യേക സ്പോർട്സ് സംഘടനയുടെ ഭാരവാഹികളും ജില്ലയിലെ സ്പോർട്സ് താരങ്ങളും തമ്മിലോ ഉണ്ടാകുന്ന തർക്കം പരിഹരിക്കുന്നതിനായി നാമനിർദ്ദേശം മുഖേന ഒരു ജില്ലാതല തർക്കപരിഹാര സമിതി രൂപീകരിക്കേണ്ടതാണ്.

(4) ജില്ലാതല തർക്കപരിഹാര സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലയിലെ ഒരു ഡെപ്യൂട്ടി കളക്ടർ—ചെയർമാൻ;

(ബി) കുറഞ്ഞത് മൂന്ന് വർഷം ബാർ പ്രാക്റ്റീസുള്ള പ്രാക്റ്റീസ് ചെയ്തുവരുന്ന ഒരു അഭിഭാഷകൻ;

(സി) സംസ്ഥാന-ദേശീയ തലത്തിലെ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളതോ അംഗീകാരം നേടിയിട്ടുള്ളതോ ആയ ജില്ലയിലെ ഒരു സ്പോർട്സ് താരം.

(5) (3)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാതല തർക്കപരിഹാര സമിതിയുടെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സ്പോർട്സ് സംഘടനയ്ക്കും സ്പോർട്സ് ക്ലബ്ബിനും സ്പോർട്സ് കൗൺസിലിനും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും സംസ്ഥാന തർക്കപരിഹാര സമിതി മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(6) ഈ വകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന്, അതത് സംഗതിപോലെ, സംസ്ഥാന തർക്കപരിഹാര സമിതിക്ക് അഥവാ ജില്ലാതല തർക്കപരിഹാര സമിതികൾക്ക്, ഒരു വ്യവഹാരത്തിന്റെ വിചാരണ നടത്തുമ്പോൾ 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കോടതിക്ക് വിനിയോഗിക്കാവുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും പ്രസ്തുത സമിതികളുടെ ഉത്തരവുകൾക്ക് ഒരു സിവിൽ കോടതി പുറപ്പെടുവിച്ച ഒരു ഡിക്രിയുടെ പ്രാബല്യം ഉണ്ടായിരിക്കുന്നതും ആയത് അധികാരിതയുള്ള സിവിൽ കോടതി മുഖേന നടപ്പാക്കാവുന്നതുമാണ്.

(7) സംസ്ഥാന തർക്കപരിഹാര സമിതിയിലും ജില്ലാതല തർക്കപരിഹാര സമിതിയിലും തർക്കങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(8) 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് (2015-ലെ 12) പ്രാബല്യത്തിൽ വന്ന തീയതിക്ക് മുൻപ് ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ തീർപ്പാകാതെ നിലവിലുണ്ടായിരുന്ന എല്ലാ തർക്കങ്ങളും പ്രസ്തുത തീയതിയിൽ സംസ്ഥാന തർക്കപരിഹാര സമിതിയിലേക്ക് കൈമാറിയതായി കരുതപ്പെടുന്നതാണ്.

(9) സംസ്ഥാന തർക്കപരിഹാര സമിതി പുറപ്പെടുവിക്കുന്ന ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അല്ലെങ്കിൽ കക്ഷിക്കും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും അപ്പലേറ്റ് ട്രൈബ്യൂണൽ മുൻപാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.".

13. 31-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 31-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, ''നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും'' എന്നീ വാക്കുകൾക്ക് പകരം "(1എ) ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) ഒരു സ്പോർട്സ് സംഘടനയുടെ രജിസ്ട്രേഷന് താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതും നിബന്ധനകൾ പാലിക്കേണ്ടതുമാണ്, അതായത്:—

(i) അത് സ്പോർട്സ് വികസനത്തിനായി മാത്രം പ്രവർത്തിക്കുന്നതും 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ 12) പ്രകാരമുള്ള രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ഒരു സ്വതന്ത്ര സ്ഥാപനം ആയിരിക്കേണ്ടതാണ്;

(ii) അതിന്റെ കാര്യക്ഷമമായ പ്രവർത്തനം, കാലാകാലങ്ങളിൽ ഭാരവാഹികളെ തെരഞ്ഞെടുക്കൽ, പൊതുജനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുക, കളിക്കാരുടെ താത്പര്യങ്ങൾക്ക് സംരക്ഷണം, സ്പോർട്സിന്റെയും ഗെയിംസിന്റെയും പ്രോത്സാഹനം, കണക്കുകൾ സൂക്ഷിക്കലും ആഡിറ്റും, ഭാരവാഹികൾക്കെതിരെ അവിശ്വാസപ്രമേയം അവതരിപ്പിക്കൽ എന്നിവ വ്യവസ്ഥ ചെയ്യുന്ന, സ്വതന്ത്രമായ, എഴുതി തയ്യാറാക്കിയ, നിയമാവലി ഉണ്ടായിരിക്കേണ്ടതാണ്;

(iii) രജിസ്ട്രേഷന് അപേക്ഷിക്കുന്ന ദിവസംവരെ നിയമാവലി അനുശാസിക്കുംവിധം കാലാകാലങ്ങളിൽ യോഗം ചേരുന്നതുൾപ്പെടെ, മൂന്ന് വർഷത്തിൽ കൂടുതൽ കാലം സജീവമായി പ്രവർത്തിച്ചിരിക്കേണ്ടതാണ്;

(iv) ഭാരവാഹികളുടെ ഔദ്യോഗിക കാലാവധി നാല് വർഷമുള്ള ഒരു തവണയായിരിക്കുന്നതും അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത വോട്ടുകൾ കരസ്ഥമാക്കിയിട്ടുള്ളപക്ഷം ഭാരവാഹികൾക്ക് ഇതിന് സമാനമായ തവണ അല്ലെങ്കിൽ കാലത്തേക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഭാരവാഹികൾ പന്ത്രണ്ട് വർഷം അല്ലെങ്കിൽ 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിക്കുശേഷം എൺപത് വയസ്സ് പൂർത്തിയാകൽ ഇതിൽ ഏതാണോ ആദ്യം, അതിൽ കൂടുതൽ കാലം ഔദ്യോഗിക പദവി വഹിക്കാൻ പാടുള്ളതല്ല;

(v) ഭാരവാഹികളാരും ഒരേസമയം സംസ്ഥാന സ്പോർട്സ് കൗൺസിൽ അല്ലെങ്കിൽ കേരള ഒളിമ്പിക് അസോസിയേഷൻ എന്നിവ ഒഴികെ മറ്റേതെങ്കിലും സ്പോർട്സ് സംഘടനയുടെ ഔദ്യോഗിക പദവി വഹിക്കാൻ പാടുള്ളതല്ല;

(vi) യോഗ തീരുമാനങ്ങളും കണക്കുകളും എഴുതി സൂക്ഷിക്കുന്നതിന് ഒരു അംഗീകൃത വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതാണ്. കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും വാർഷികാടിസ്ഥാനത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റ് മുഖേന ആഡിറ്റ് ചെയ്യേണ്ടതുമാണ്;

(vii) രജിസ്ട്രേഷന് അപേക്ഷിക്കുന്നതിന് മുൻപ് നിശ്ചിത പ്രായത്തിൽപ്പെടുന്നവരുടെ ഗ്രൂപ്പുകൾക്കായി സീനിയർ, ജൂനിയർ, സബ്ജൂനിയർ തലങ്ങളിൽ വാർഷിക ചാമ്പ്യൻഷിപ്പ് നടത്തിയിരിക്കേണ്ടതാണ്;

(viii) ബന്ധപ്പെട്ട ജില്ലയിൽ നിന്നുള്ളവർക്കുമാത്രമായി അംഗത്വം പരിമിതപ്പെടുത്തേണ്ടതും വ്യക്തികൾക്കും ക്ലബ്ബുകൾക്കും അംഗത്വം നൽകുന്ന സംഗതിയിൽ അങ്ങനെയുള്ള അംഗത്വം അങ്ങനെയുള്ള അംഗങ്ങൾക്ക് സംഘടനയുടെ യാതൊരു യോഗങ്ങളിലും വോട്ട് ചെയ്യുവാനുള്ള അവകാശം നൽകുന്നതല്ലാത്തതു മാകുന്നു;

(ix) സംസ്ഥാന തലത്തിൽ ഒരു സ്പോർട്സ് ഇനത്തിന് ഒരു അംഗീകൃത സംഘടന മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. കൃത്യമായ അംഗീകാരമുള്ള സംഘടനകൾക്ക് മാത്രമെ അനുവദനീയമായ സാമ്പത്തിക സഹായങ്ങൾക്ക്, അതായത്, ഗ്രാന്റ്, ഗ്രേസ് മാർക്കുൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹതയുണ്ടായിരി ക്കുകയുള്ളു. അംഗീകൃത സംസ്ഥാന കായിക സംഘടനകൾ നടത്തുന്ന സംസ്ഥാനതല മത്സരങ്ങളിലെ വിജയികൾക്കും മത്സരത്തിൽ പങ്കെടുക്കുന്നവർക്കും നൽകുന്ന സർട്ടിഫിക്കറ്റുകളിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന നിരീക്ഷകർ മേലൊപ്പ് വച്ചാൽ മാത്രമേ ഗ്രേസ് മാർക്കിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുകയുള്ളൂ. ഓരോ ജില്ലയിൽ നിന്നും ഒരു സംഘടനയ്ക്ക് മാത്രമെ സംസ്ഥാന സംഘടനയുടെ അഫിലിയേഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ. എന്നാൽ, സംസ്ഥാന സംഘടനയിൽ, ഏറ്റവും കുറഞ്ഞപക്ഷം പത്ത് ജില്ലാതല സംഘടനകളെങ്കിലും അഫിലിയേറ്റ് ചെയ്തിരിക്കേണ്ടതാണ്;

(x) ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അനുയോജ്യമായ ഓഫീസുകൾ ഉണ്ടായിരിക്കേണ്ടതാണ്;

(xi) യുവജനങ്ങൾക്കോ പുരുഷന്മാർക്കോ വനിതകൾക്കോ വേണ്ടിയുള്ളത് എന്ന പരിഗണന കൂടാതെ ഓരോ സ്പോർട്സ് ഇനത്തിനും ഒരു അംഗീകൃത സംഘടന മാത്രമെ ഉണ്ടാകാൻ പാടുള്ളൂ;

(xii) ജനറൽ ബോഡി യോഗം, ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗം, സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതായ മറ്റ് യോഗങ്ങൾ എന്നിവ സംബന്ധിച്ച് പതിനഞ്ച് ദിവസം മുൻകൂട്ടി സംസ്ഥാന സ്പോർട്സ് കൗൺസിലിനെ അറിയിച്ചിരിക്കേണ്ടതും, സംസ്ഥാന സ്പോർട്സ് കൗൺസിൽ അങ്ങനെയുള്ള യോഗങ്ങളിലേക്ക് അതിന്റെ നിരീക്ഷകരെ അയയ്ക്കേണ്ടതുമാണ്;

(xiii) ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞാലുടൻ എല്ലാ സ്പോർട്സ് സംഘടനകളും അവരുടെ കണക്കുകൾ പൂർണ്ണമാക്കേണ്ടതും പ്രസ്തുത വർഷത്തിലെ അവരുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ കാര്യങ്ങൾ ഉൾപ്പെടുന്ന വാർഷിക റിപ്പോർട്ട് സംഘടനയുടെ വെബ്സൈറ്റിൽ ഉൾപ്പെടെ മേയ് 31-ാം തീയതിക്കകം പ്രസിദ്ധീകരിക്കേണ്ടതുമാണ്;

(xiv) രേഖകളും കണക്കുകളും ഇലക്ട്രോണിക് ഫോർമാറ്റിൽകൂടി തയ്യാറാക്കേണ്ടതും അതിന്റെ എല്ലാ അംഗങ്ങൾക്കും സംസ്ഥാന സ്പോർട്സ് കൗൺസിലിനും പ്രാപ്യമാക്കേണ്ടതുമാണ്;

(xv) രേഖകളും കണക്കുകളും സോഫ്റ്റ് കോപ്പി ഉൾപ്പെടെ സംസ്ഥാന സ്പോർട്സ് കൗൺസിൽ ആവശ്യപ്പെടുമ്പോൾ ഹാജരാക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്;

(xvi) വർഷത്തിൽ ഒരിക്കലെങ്കിലും ജനറൽ ബോഡി യോഗവും, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ഉൾപ്പെടുന്ന സ്പോർട്സ് കൗൺസിലിന്റെ നിർവ്വാഹക സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി, ഭാരവാഹികളുടെ ഔദ്യോഗിക കാലാവധിക്കനുസൃതമായി നാല് വർഷം കൂടുമ്പോഴോ അതിന് മുമ്പോ ഒരു പ്രത്യേക യോഗവും, വിളിച്ചുകൂട്ടേണ്ടതാണ്;

(xvii) ദേശീയ-അന്തർദ്ദേശീയ തലത്തിൽ മത്സരത്തിൽ പങ്കെടുത്തിട്ടുള്ള കായിക താരങ്ങളെ സ്പോർട്സ് സംഘടനകളിൽ വോട്ടവകാശത്തോടുകൂടിയ അംഗങ്ങളാക്കേണ്ടതും അവരുടെ എണ്ണം സംഘടനയുടെ മൊത്തം അംഗങ്ങളുടെ പതിനഞ്ച് ശതമാനത്തിൽ കുറയാൻ പാടില്ലാത്തതും അവരുടെ തെരഞ്ഞെടുപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിലുമായി കൂടിയാലോചിച്ചുകൊണ്ടായിരിക്കേണ്ടതുമാണ്;

(xviii) ജില്ലാ സംഘടനകളും സംസ്ഥാന സംഘടനകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംഘടനകളും എല്ലാ വർഷവും ഏപ്രിൽ 1-ാം തീയതിക്ക് മുമ്പായി അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും കലണ്ടർ അവരുടെ വെബ്സൈറ്റിലോ അല്ലെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വെബ്സൈറ്റിലോ അഥവാ രണ്ടിലുമോ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്;

(xix) എല്ലാ സ്പോർട്സ് സംഘടനകളും, അവ നൽകുന്ന സേവനങ്ങളും അവയുടെ അംഗങ്ങളുടെ അവകാശങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന പട്ടിക ഇലക്ട്രോണിക് ഫോർമാറ്റിലും പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്;

(xx) എല്ലാ സ്പോർട്സ് സംഘടനകളുടെയും സെക്രട്ടറിമാർ സംസ്ഥാന തലത്തിലെങ്കിലും അതത് സ്പോർട്സ് ഇനങ്ങളിൽ പങ്കെടുത്തിട്ടുള്ളവരും കായിക രംഗത്ത് സജീവമായി തുടരുന്നതോ അല്ലെങ്കിൽ വിരമിച്ചതോ ആയ കായിക താരം ആയിരിക്കേണ്ടതുമാണ്.".

(സി) (2)-ാം ഉപവകുപ്പിൽ, "അറുപത്" എന്ന വാക്കിന് പകരം "നാൽപ്പത്തിയഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ഡി) (3)-ാം ഉപവകുപ്പിൽ, "എഴുപത്തിയഞ്ച്" എന്ന വാക്കിന് പകരം "നാൽപ്പത്തിയഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ഇ) (6)-ാം ഉപവകുപ്പിൽ, "അപ്പലേറ്റ് ട്രൈബ്യൂണലിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫീസ് സഹിതം അപ്പീൽ ബോധിപ്പിക്കാവുന്നതും അതിൻമേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾക്ക് പകരം "യഥാക്രമം ജില്ലാതല തർക്കപരിഹാര സമിതിയിൽ അഥവാ സംസ്ഥാന തർക്കപരിഹാര സമിതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(എഫ്) (7) മുതൽ (11) വരെ ഉപവകുപ്പുകൾ വിട്ടുകളയേണ്ടതാണ്.

14. 31എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 31-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"31എ. സ്പോർട്സ് സംഘടനകളുടെ അംഗീകാരം പിൻവലിക്കൽ അല്ലെങ്കിൽ സസ്പെൻഷൻ.—(1) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, ഒരു അംഗീകൃത സ്പോർട്സ് സംഘടനയുടെ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന ഏതെങ്കിലും ക്രമക്കേടുകൾ കണ്ടുപിടിക്കുന്നപക്ഷം, ആ സ്പോർട്സ് സംഘടനയുടെ അംഗീകാരം, പൂർണ്ണവും സമഗ്രവുമായ ഒരു അന്വേഷണം നടത്തുന്നതുവരെ, ഇടക്കാല നടപടിയായി സസ്പെന്റ് ചെയ്യാവുന്നതാണ്, അതായത്:—

(എ) ഫണ്ട് ദുർവിനിയോഗം സംബന്ധിച്ചുള്ള കുറ്റാരോപണത്തിന്റെ അടിസ്ഥാനത്തിൽ സൊസൈറ്റി രജിസ്ട്രാർ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനം നിയമനടപടി സ്വീകരിച്ചാൽ;

(ബി) സംഘടനയുടെ നിയമാവലിയിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നതിന് വീഴ്ച വരുത്തുകയോ അല്ലെങ്കിൽ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഗുരുതരമായ വീഴ്ച ഉണ്ടാവുകയോ ചെയ്താൽ;

(സി) നിർണ്ണയിക്കപ്പെട്ട പ്രകാരം ആഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ചയുണ്ടായാൽ;

(ഡി) ഫണ്ടുകൾ ദുരുപയോഗം ചെയ്യുകയോ അനധികൃതമായി വകമാറ്റുകയോ ചെയ്താൽ;

(ഇ) ആവശ്യപ്പെടുമ്പോഴൊക്കെ ശരിയായ വിവരങ്ങൾ നൽകുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ;

(എഫ്) സർക്കാർ സഹായം ഉൾപ്പെടെയുള്ള പൊതുനിധികൾ സ്വീകരിക്കുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയാൽ;

(ജി) സംഘടനയുടെ ആഭ്യന്തര പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ ആരോപിച്ചുകൊണ്ടുള്ള നിയമാനുസൃത അധികാരസ്ഥാനത്തിന്റെ റിപ്പോർട്ട് ലഭിച്ചാൽ;

(എച്ച്) മറ്റേതെങ്കിലും ഗുരുതരമായ ക്രമക്കേടുകൾ കണ്ടുപിടിക്കുന്ന അവസരത്തിൽ പൊതുതാൽപ്പര്യാർത്ഥം;

(ഐ) ബന്ധപ്പെട്ട ദേശീയ അസോസിയേഷനോ ഫെഡറേഷനോ സംസ്ഥാന സംഘടനയുടെ അഫിലിയേഷൻ താൽക്കാലികമായി സസ്പെന്റ് ചെയ്താൽ.

(2) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, ഒരു സ്പോർട്സ് സംഘടനയെ നേരിൽ കേൾക്കുന്നതിനുള്ള ഒരു അവസരം നൽകിയ ശേഷം, താഴെപ്പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ അതിന്റെ അംഗീകാരം പിൻവലിക്കാവുന്നതാണ്, അതായത്:—

(എ) അംഗീകാരത്തിനായുള്ള നിബന്ധനകളുടെയും വ്യവസ്ഥകളുടെയും അല്ലെങ്കിൽ അതിന്റെ നിയമാവലിയുടെ ലംഘനം;

(ബി) അന്വേഷണത്തിൽ സംഘടനയുടെ പ്രവർത്തനം സംബന്ധിച്ച (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച (എ), (ബി), (ഡി), (എഫ്), (ജി) എന്നീ ഖണ്ഡങ്ങൾ പ്രകാരമുള്ള ക്രമക്കേട് സ്ഥിരീകരിക്കുകയാണെങ്കിൽ;

(സി) ബന്ധപ്പെട്ട ദേശീയ അസോസിയേഷനോ ഫെഡറേഷനോ സംസ്ഥാന സംഘടനയുടെ അംഗീകാരം ശാശ്വതമായി റദ്ദാക്കുകയോ അഫിലിയേഷൻ ഇല്ലാതാക്കുകയോ ചെയ്താൽ;

(3) ഈ വകുപ്പ് പ്രകാരം അംഗീകാരം റദ്ദാക്കപ്പെട്ട ഒരു സംഘടനയുടെ ഭാരവാഹിക്ക് മറ്റേതെങ്കിലും സ്പോർട്സ് സംഘടനയുടെ ഭാരവാഹിയാകുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.".

15. <u>32-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 32-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ, "അപ്പലേറ്റ് ട്രൈബ്യൂണൽ മുൻപാകെ, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അപ്രകാരമുള്ള രീതിയിലും അപ്പീൽ ബോധിപ്പിക്കാവുന്നതും അതിൻമേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ജില്ലാതല തർക്കപരിഹാര സമിതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

16. 34എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 34-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"34എ. സംസ്ഥാന സ്പോർട്സ് വികസന നിധി.—(1) (3)-ാം ഉപവകുപ്പിൽ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി, കായിക യുവജനകാര്യ ഡയറക്ടറുടെ കീഴിൽ 2012 മാർച്ച് 20-ാം തീയതിയിലെ സ.ഉ. (സാധാ.) 68/12/കാ.യു.വ. നമ്പർ പ്രകാരം രൂപീകരിക്കപ്പെട്ടതും 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് (2015-ലെ 12) പ്രാബല്യത്തിൽ വന്ന തീയതിയിൽ നിലവിലുള്ളതുമായ കായികവികസനനിധിയെ രൂപാന്തരപ്പെടുത്തിക്കൊണ്ട് കായിക യുവജനകാര്യ ഡയറക്ടറുടെ കീഴിൽ ഒരു "സംസ്ഥാന സ്പോർട്സ് വികസന നിധി" സർക്കാർ രൂപീകരിക്കേണ്ടതും ആയത് (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന ഒരു ബോർഡ് ഓഫ് ട്രസ്റ്റീസ് ഭരണ നിർവ്വഹണം നടത്തേണ്ടതുമാണ്.

(2) നിധിയിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, കോർപ്പറേറ്റുകൾ, അസോസിയേഷനുകൾ, സൊസൈറ്റികൾ, ബോർഡുകൾ, ട്രസ്റ്റുകൾ എന്നിവയിൽ നിന്നോ നിയമപരമായ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും സഹായധനവും സംഭാവനകളും വരവ് വയ്ക്കേണ്ടതാണ്.

(3) നിധി താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്, അതായത്:—

(i) സംസ്ഥാന-ദേശീയ-അന്തർദ്ദേശീയ തലത്തിൽ മികവ് കൈവരിക്കുന്നതിനായി സ്പോർട്സിന് പൊതുവെയും, വിശേഷിച്ച് നിശ്ചിത സ്പോർട്സ് ഇനങ്ങളിൽ, കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്;

(ii) കായിക താരങ്ങൾക്കും കായികപരിശീലകർക്കും സ്പോർട്സ് സ്പെഷ്യലിസ്റ്റുകൾക്കും സ്പോർട്സ് ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിന്;

(iii) സ്പോർട്സിലുള്ള മികവ് പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിന്;

(iv) സ്പോർട്സിലുള്ള മികവ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് സ്പോർട്സ് സംഘടനകൾ, സ്പോർട്സ് ക്ലബ്ബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, സർക്കാർ-സർക്കാരിതര സംഘടനകൾ എന്നിവയ്ക്ക് സഹായം ലഭ്യമാക്കുന്നതിന്;

(v) സ്പോർട്സ് വികസനത്തിന് പ്രേരകമായ അന്തർദ്ദേശീയ സഹകരണവും, സ്പോർട്സ് താരങ്ങളുടെയും പരിശീലകരുടെയും പരിശീലനത്തിനായുള്ള എക്സ്ചേഞ്ച് പരിപാടികളും പ്രോത്സാഹിപ്പിക്കുന്നതിന്;

(vi) മത്സരത്തിനായുള്ള പരിശീലനത്തിലോ, മത്സരങ്ങളിലോ പരിക്ക് പറ്റുന്ന കായിക താരങ്ങൾക്ക് പരിക്കിന്റെ സ്വഭാവമനുസരിച്ച് ഉചിതമായ സഹായം ലഭ്യമാക്കുന്നതിന്;

(vii) അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയിച്ച് രാജ്യത്തിനും ദേശീയ മത്സരങ്ങളിൽ വിജയിച്ച് സംസ്ഥാനത്തിനും കീർത്തി സമ്പാദിക്കുന്ന കേരളീയരായ പ്രഗത്ഭ കായിക താരങ്ങൾക്ക് ഉചിതമായ സഹായം ലഭ്യമാക്കുന്നതിന്;

(viii) സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത് സജീവമായി കായിക രംഗത്തുള്ള താരങ്ങൾക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന്.

(4) സർക്കാർ, താഴെപ്പറയുന്ന അംഗങ്ങളോടുകൂടിയ ഒരു "ബോർഡ് ഓഫ് ട്രസ്റ്റീസ്" രൂപീകരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | സ്പോർട്സ് മന്ത്രി | .. | ചെയർമാൻ (എക്സ്-ഒഫീഷ്യോ) |
| (ii) | ഗവൺമെന്റ് സെക്രട്ടറി (സ്പോർട്സ്) | .. | അംഗം (എക്സ്-ഒഫീഷ്യോ) |
| (iii) | പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | .. | അംഗം (എക്സ്-ഒഫീഷ്യോ) |
| (iv) | ഗവൺമെന്റ് സെക്രട്ടറി ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് | .. | അംഗം (എക്സ്-ഒഫീഷ്യോ) |
| (v) | കായിക യുവജനകാര്യ ഡയറക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ | .. | അംഗം |
| (vi) | സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | .. | അംഗം |
| (vii) | പ്രഗത്ഭ കായിക താരങ്ങൾ, ഒഫീഷ്യൽസ് എന്നിവർക്കിടയിൽ നിന്നും | .. | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ |
| (viii) | കായികവും യുവജനകാര്യവും വകുപ്പ് ഡയറക്ടർ, അദ്ദേഹം മെമ്പർ സെക്രട്ടറിയും ട്രഷററും ആയിരിക്കുന്നതാണ്. | | |

(5) ട്രസ്റ്റിന്റെ കാര്യങ്ങൾ 1882-ലെ ഇന്ത്യൻ ട്രസ്റ്റ് ആക്റ്റിന് (1882-ലെ 2-ാം കേന്ദ്ര ആക്റ്റ്) കീഴിൽ എഴുതി ഒപ്പിട്ട് രജിസ്റ്റർ ചെയ്ത ട്രസ്റ്റ് ഡീഡിന് അനുസൃതമായി നടത്തേണ്ടതാണ്.".

17. 41-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 41-ാം വകുപ്പ് (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഈ ആക്റ്റ് പ്രകാരം തീർപ്പാക്കേണ്ടുന്ന അപ്പീലുകളിന്മേൽ തീരുമാനം എടുക്കുന്നതിനായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ, ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ രൂപീകരിക്കേണ്ടതാണ്;".

18. 42-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 42-ാം വകുപ്പിൽ "അപ്പലേറ്റ് ട്രൈബ്യൂണൽ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ" എന്നീ വാക്കുകൾക്ക് പകരം "ജില്ലാതല തർക്കപരിഹാര സമിതിയോ സംസ്ഥാന തർക്കപരിഹാര സമിതിയോ അപ്പലേറ്റ് ട്രൈബ്യൂണലോ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

19. 44-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 44-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ, "നിർണ്ണയിക്കപ്പെടാവുന്നത്ര ശതമാനം" എന്ന വാക്കുകൾക്ക് പകരം "അൻപത് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

20. 45-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 45-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) (ജി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയുടെയും അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ സെക്രട്ടറിമാരുടെയും നിർവ്വാഹക സമിതിയുടെയും അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും;".

21. 46-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 46-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും;".

22. റദ്ദാക്കലും ഒഴിവാക്കലും.—(1) 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് (2015-ലെ 12) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ കാര്യങ്ങളോ എടുത്ത ഏതെങ്കിലും നടപടിയോ നടപടികളോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.